# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 541 29-06-2015-ൽ മറുപടിയ്ക്ക്

### കാരുണ്യ ലോട്ടറി

| | ചോദ്യം<br>ഡോ. കെ.ടി.ജലീൽ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ലോട്ടറി ആരംഭിച്ചതിനു ശേഷം 2015 മെയ് 15 വരെയുള്ള നടത്തിപ്പിൽ സർക്കാരിന് ലഭിച്ച മൊത്തം വരുമാനം എത്ര കോടി രൂപയാണ്; ഇതേ കാലയളവിൽ കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായത്തിന് ലഭിച്ച അപേക്ഷകൾ എത്ര; എത്ര പേർക്ക് മൊത്തം എന്ത് തുക സഹായധനമായി നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ; | (എ) | കാരുണ്യ ലോട്ടറി നടത്തിപ്പിലൂടെ 24-09-2011 മുതൽ 09-05-2015 വരെ 2033.17 കോടി രൂപ സമാഹരിക്കുകയും, അറ്റാദായമായി ഏകദേശം 434.57 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കാരുണ്യ പ്ലസ് ഭാഗ്യക്കുറിയിൽ നിന്നും 03-04-2014 മുതൽ 14-05-2015 വരെ ഏകദേശം 146 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ ആകെ അറ്റാദായത്തിൽ നിന്നും 540 കോടി രൂപ അലോട്ട്മെന്റ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.<br>30-05-2015 വരെ കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായത്തിന് ഏകദേശം 96,351 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 92,458 പേർക്ക് 746.76 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ചിട്ടുള്ള 746.76 കോടി രൂപയിൽ 583.97 കോടി രൂപയുള്ള ചികിത്സാ ധനസഹായമാണ് ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. |
| (ബി) | 2015 മെയ് 15-ന് എത്ര അപേക്ഷകർക്ക് സഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു; | (ബി) | 2015 മെയ് 15-വരെ ഏകദേശം 17,392 അപേക്ഷകർക്ക് ധനസഹായം നൽകാൻ ബാക്കി നിൽപ്പുണ്ടായിരുന്നു. |
| (സി) | കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച വരുമാനത്തിൽ 2015 മെയ് 15-ന് ബാക്കി നിൽപ്പുണ്ടായിരുന്ന തുക എത്രയായിരുന്നു; | (സി) | കാരുണ്യ ഭാഗ്യക്കുറിയുടെ നടത്തിപ്പിലൂടെ 24-09-2011 മുതൽ 09-05-2015 വരെ ഏകദേശം 434.57 കോടി രൂപയും കാരുണ്യ പ്ലസ് ഭാഗ്യക്കുറിയുടെ നടത്തിപ്പിലൂടെ 03-04-2014 മുതൽ 14-05-2015 വരെ ഏകദേശം 146 കോടി രൂപയും ഉൾപ്പെടെ ആകെ 580.57 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. ഇതിൽ 540 കോടി രൂപ അലോട്ട്മെന്റ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്. |

<table>
<tr><td>(ഡി)</td><td>നിലവിൽ എത്ര കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ<br><br>പരിഗണനയിലിരിക്കുന്നു;</td><td>(ഡി)</td><td>നിലവിൽ 45.46 കോടി രൂപയുടെ സഹായത്തിനുള്ള അപേക്ഷകൾ<br><br>പരിഗണനയിലിരിക്കുന്നു.</td></tr>
<tr><td>(ഇ)</td><td>കാരുണ്യ ലോട്ടറി ആരംഭിച്ചതിനു ശേഷം 2015 മെയ് വരെ പദ്ധതി നടത്തിപ്പിൽ വിവിധ ഇനങ്ങളിലായി ചെലവായ മൊത്തം തുക എത്ര; വ്യക്തമാക്കാമോ?</td><td>(ഇ)</td><td>ആകെ 583.97 കോടി രൂപ ചെലവായിട്ടുണ്ട്.<br><br>ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>ഗവൺമെന്റ് ഹോസ്പിറ്റൽ</td><td>5,32,88,17,070/-</td></tr>
<tr><td>പ്രൈവറ്റ് ഹോസ്പിറ്റൽ</td><td>41,61,13,515/-</td></tr>
<tr><td>സ്പെഷ്യൽ സാങ്ഷൻ</td><td>2,53,29,710/-</td></tr>
<tr><td>റീഇംബേഴ്സ്മെന്റ്</td><td>3,24,93,409/-</td></tr>
<tr><td>ഭരണപരമായ ചെലവുകൾ</td><td>3,69,50,234/-</td></tr>
<tr><td>ആകെ</td><td>583.97 കോടി രൂപ</td></tr>
</table></td></tr>
</table>

Jayut

**സെക്ഷൻ ഓഫീസർ.**